# ഭക്ഷ്യസുരക്ഷാ ഭവനം- ആലപ്പുഴയിൽ

---

വിഷ പച്ചക്കറികൾ ഭക്ഷിക്കുന്നത് മൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യമാണ് കേരളത്തിൽ ഇന്നുള്ളത്. അതിനാൽ തന്നെ വിഷരഹിതമായ പച്ചക്കറി സ്വയം ഉത്പാദിപ്പിക്കാനുള്ള ശ്രമങ്ങൾ കേരളത്തിൽ എങ്ങും വ്യാപകവുമാണ്. അതിനൊപ്പമാണ് കുടുംബശ്രീ ഭക്ഷ്യസുരക്ഷാ ഭവനം പദ്ധതി കൂടി പ്രാവർത്തികമാക്കുന്നത്. സ്വന്തം വീടുകളിലേക്ക് ആവശ്യമുള്ള പച്ചക്കറികൾ സ്വയം ഉത്പാദിപ്പിക്കാൻ കേരളത്തിലെ ഓരോ കുടുംബങ്ങളെയും പ്രാപ്തരാക്കുകയെന്ന ലക്ഷ്യമാണ് ഭക്ഷ്യ സുരക്ഷാ ഭവനം പദ്ധതിക്കുള്ളത്.

**ആശയരൂപീകരണം**

സുരക്ഷിത ഭക്ഷണം അവകാശവും ആവശ്യവുമാണെന്ന തിരിച്ചറിവിലാണ് കുടുംബ ശ്രീ ഭക്ഷ്യസുരക്ഷാ ഭവനം പദ്ധതിക്ക് തുടക്കമിട്ടത്. കുടുംബശ്രീ വഴി കേരളത്തിൽ നടപ്പാക്കുന്ന കേന്ദ്ര പദ്ധതിയായ മഹിളാ കിസാൻ സശാക്തീകരൺ പരിയോജന വഴി ഭക്ഷ്യസുരക്ഷാ ഭവനം നടപ്പാക്കാനും തീരുമാനിച്ചു.

**എംകെഎസ്പി (മഹിളാ കിസാൻ സശാക്തീകരൺ പരിയോജന)**

കാർഷിക മേഖലയിൽ സ്ത്രീകളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുക, പ്രകൃതിയോട് ഇണങ്ങിച്ചേർന്നുള്ള ജൈവകൃഷി പോലുള്ള മാർഗ്ഗങ്ങളിലൂടെ വനിതകൾക്ക് ഉപജീവന വഴികൾ കണ്ടെത്തി നൽകുക തുടങ്ങിയ ലക്ഷ്യങ്ങളാണ് ഈ കേന്ദ്ര പദ്ധതിക്കുള്ളതെന്ന് ചുരുക്കിപ്പറയാം. ദേശീയ ഗ്രാമീണ ഉപജീവന ദൗത്യത്തിന്റെ ഒരു ഭാഗമാണ് എംകെഎസ്പി പദ്ധതി. വനിതാ കർഷകരുടെ ജെഎൽജികൾ (ജോയ്ന്റ് ലയബിലിറ്റി ഗ്രൂപ്പ്) രൂപീകരിച്ച് സംഘകൃഷി മാർഗ്ഗത്തിലൂടെയാണ് കേരളത്തിൽ എംകെഎസ്പി പ്രവർത്തനങ്ങൾ കുടുംബശ്രീ നടത്തുന്നത്. നാല് മുതൽ പത്ത് വരെ അംഗങ്ങളാണ് ഒരു ജെഎൽജിയിലുള്ളത്. നിലവിൽ 60000 ജെഎൽജികൾ 55000 ഹെക്ടർ സ്ഥലത്ത്

ഇപ്പോൾ കൃഷി ചെയ്തു വരുന്നു. 79 കോടി രൂപയാണ് പദ്ധതി പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരിക്കുന്നത്. കേന്ദ്രത്തിലെ എംകെഎസ്പി ഫണ്ട് കൂടാതെ കേരള സർക്കാരിന്റെയും ദേശീയ ഗ്രാമീണ ഉപജീവന ദൗത്യത്തിന്റെയും തൊഴിലുറപ്പ് പദ്ധതിയുടെയും ഫണ്ട് വിഹിതവും ഈ പദ്ധതിയിലുണ്ട്.

ഈ പദ്ധതി വഴി കാർഷിക രംഗത്ത് സ്ത്രീകളെ എല്ലാവിധത്തിലും പര്യാപ്തരാക്കുകയാണ് ചെയ്യുന്നത്. മികച്ച മാതൃകകൾ കണ്ടെത്തി അതിന് സർവ്വവിധത്തിലുള്ള പ്രോത്സാഹനം നൽകുന്നു. ഓരോ പ്രദേശത്ത് നിന്നും റിസോഴ്സ് പേഴ്സൺമാരെ കണ്ടെത്തുകയും അവർ താഴേത്തട്ടിൽ പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യുന്നു. പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനായി ജീവ (ജെഎൽജി ഇവാലുവേഷൻ) ടീമുകളും പ്രവർത്തിക്കുന്നു.

ബാങ്ക് ലോണുകളും ജെഎൽജി ഗ്രൂപ്പുകൾക്ക് നൽകി വരുന്നു. ഒരു സാമ്പത്തിക വർഷം കുറഞ്ഞത് ഒരു ലക്ഷം രൂപ മുതലുള്ള വായ്പകളാണ് ബാങ്കുകൾ സംഘകൃഷി ഗ്രൂപ്പുകൾക്ക് നൽകുന്നത്. ഈ ഹ്രസ്വകാല വായ്പ തിരിച്ചടയ്ക്കാൻ ഒരു വർഷത്തെ കാലയളവും നൽകുന്നു. ഏഴ് മുതൽ ഒമ്പത് ശതമാനം വരെയാണ് പലിശയെങ്കിലും അഞ്ച് ശതമാനം വരെ പലിശയിളവുണ്ട്. കൂടാതെ കൃത്യമായ തുക തിരിച്ചടയ്ക്കുന്ന സംഘങ്ങൾക്ക് ബാങ്കുകളും പ്രത്യേകമായ പലിശ ഇളവുകൾ നൽകുന്നു. ഫലത്തിൽ ഈ വായ്പകൾ പലിശരഹിത വായ്പകളായും മാറുന്നു. വായ്പ എടുക്കുന്ന ജെഎൽജികൾക്ക് അവർ കൃഷി ചെയ്യുന്ന വിളയുടെ അടിസ്ഥാനത്തിൽ ഇൻസെന്റീവും നൽകി വരുന്നു.

<u>തുടക്കം</u>

ഭക്ഷ്യസുരക്ഷയ്ക്ക് എന്റെ കൃഷി എന്ന ആശയം കുടുംബശ്രീ കൂട്ടായ്മയിലൂടെ എല്ലാ അയൽക്കൂട്ടങ്ങളിലേക്കും എത്തിക്കുന്നതിനും അതുവഴി എല്ലാവരെയും തങ്ങൾക്ക് ആവശ്യമുള്ള പച്ചക്കറികൾ സ്വയം ഉത്പാദിപ്പിക്കുന്നതിന് പ്രാപ്തരാക്കുകയും ചെയ്യുന്ന ഈ പദ്ധതിയുടെ സർക്കുലർ ഓരോ ജില്ലാ മിഷനുകളിലേക്കും ജൂലൈ ആദ്യം എത്തിക്കുകയും ചെയ്തു. മലയാള മാസം ചിങ്ങം ഒന്നിന് ഓരോ ജില്ലയിലെയും എല്ലാ സിഡിഎസ്സുകളിലും പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആരംഭിക്കണമെന്നും നിർദ്ദേശിച്ചു.

ഭക്ഷ്യസുരക്ഷാ ഭവനം പ്രധാന നിർദ്ദേശങ്ങൾ

- 3 സെന്റ് മുതൽ 25 സെന്റ് വരെ കൃഷി ചെയ്യുന്ന ഗ്രൂപ്പുകൾക്ക് പദ്ധതിയിൽ അംഗമാകാം
- ഗ്രൂപ്പിൽ കുറഞ്ഞത് 4 അംഗങ്ങളുണ്ടായിരിക്കണം
- ഗ്രോ ബാഗ് ചെയ്യുന്ന ഗ്രൂപ്പാണെഹ്കിൽ ഒരംഗത്തിന് കുറഞ്ഞത് 20 ഗ്രോബാഗുകൾ ഉണ്ടായിരിക്കണം
- വയോജനം, ബഡ്സ് തുടങ്ങിയ പ്രത്യേക അയൽക്കൂട്ടങ്ങൾക്കും പങ്കെടുക്കാം
- പച്ചക്കറികളാകണം പ്രധാനമായും കൃഷി ചെയ്യേണ്ടത്
- ഓരോ അംഗത്തിനും സ്വന്തം വീട്ടിലും കൃഷി ചെയ്യാവുന്നതാണ്
- ഓരോ അംഗവും അഞ്ച് ഇനം പച്ചക്കറികൾ കൃഷി ചെയ്യണം
- സ്ഥലം ഒന്നിച്ച് ഒരിടത്തോ അംഗങ്ങളുടെ വീടുകളിലോ മതിയാകും
- തങ്ങളുടെ ആവശ്യങ്ങൾക്കായോ മറ്റ് അയൽക്കൂട്ടങ്ങളുടെ ആവശ്യങ്ങൾക്കായോ ഉത്പന്നങ്ങൾ ഉപയോഗിക്കാം
- പദ്ധതിയിൽ അംഗമാകുന്ന എല്ലാവരും പരിശീലനത്തിൽ പങ്കെടുക്കേണ്ടതാണ്.
- പരിശീലന ദിവസം കൃഷിക്കാവശ്യമായ വിത്തുകൾ ഒരോ അംഗത്തിനും നൽകും
- പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് മാത്രമേ വിത്തുകൾ നൽകൂ
- പരിശീലനത്തിന് മുമ്പായി ഗ്രൂപ്പുകൾ സിഡിഎസ്സിൽ രജിസ്ട്രർ ചെയ്യേണ്ടതും രജിസ്ട്രേഷൻ തുകയായി പത്ത് രൂപ നൽകേണ്ടതുമാണ്
- ഓരോ സീസണിലും ഗ്രൂപ്പുകൾ രജിസ്ട്രേഷൻ പുതുക്കണം
- പദ്ധതിയെക്കുറിച്ച് ജില്ലാതല പിആർഎം വഴി സിഡിഎസ്സുകളെ അറിയിക്കേണ്ടതും അയൽക്കൂട്ടതലങ്ങളിൽ പദ്ധതി നടത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ആസൂത്ര ണം ചെയ്യേണ്ടതുമാണ്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് പഞ്ചായത്ത് തലത്തിൽ ജനപ്രതിനിധികളുമായി സംയോജിച്ച് പ്രവർത്തിക്കേണ്ടതാണ്

- പദ്ധതിയെ ഒരു ക്യാമ്പെയ്ൻ രീതിയിൽ സംഘടിപ്പിക്കേണ്ടതും എല്ലാ ജനപ്രതിനിധികളുടെയും സാന്നിധ്യം ഉറപ്പു വരുത്തേണ്ടതുമാണ്.

<u>പരിശീലനം</u>

- ഗ്രൂപ്പുകൾക്ക് മാസ്റ്റർ കർഷക- മാസ്റ്റർ കർഷക പരിശീലകർ എന്നിവരാണ് പരിശീലനം നൽകുന്നത്
- മാസ്റ്റർ കർഷകർക്ക് മാസ്റ്റർ കർഷക പരിശീലകർ പരിശീലനം നൽകണം
- പരിശീലനത്തിന്റെ മൊഡ്യൂൾ ബ്ലോക്ക് കോർഡിനേറ്റർമാർ തയാറാക്കി നൽകും
- ഗ്രൂപ്പുകൾക്ക് വാർഡ് തലത്തിലായിരിക്കണം പരിശീലനം സംഘടിപ്പിക്കേണ്ടത്
- ഒരു ബാച്ചിൽ 50 പേരടങ്ങുന്ന പരിശീലനമായിരിക്കണം സംഘടിപ്പിക്കേണ്ടത്. മാസ്റ്റർ കർഷക ക്ലാസ്സെടുക്കണം
- ഒരു ദിവസം രണ്ട് പരിശീലനം മാത്രമേ ഒരു മാസ്റ്റർ കർഷക കൈകാര്യം ചെയ്യാവൂ
- പരിശീലനം കുറഞ്ഞത് രണ്ട് മണിക്കൂറെങ്കിലും വേണം
- കൃഷി ചെയ്യേണ്ടതിന്റെ ആവശ്യകത, പച്ചക്കറി കൃഷി പരിപാലനം, അടുക്കണ മാലിന്യ സംസ്ക്കരണവും ജൈവ വള നിർമ്മാണവും എന്നീ വിഷയങ്ങളിലായിരിക്കണം ക്ലാസ്സുകൾ
- പരിശീലനത്തിന് പങ്കെടുക്കുന്ന അംഗങ്ങളുടെ എണ്ണം നേരത്തേ തയാറാക്കി ആവശ്യത്തിന് വിത്തുകൾ ലഭ്യമാക്കണം
- ഒരംഗത്തിന് 20 രൂപയ്ക്കുള്ള വിത്തുകളാണ് നൽകേണ്ടത്
- വിത്തുകൾ നൽകേണ്ട ചുമതല ജീവ ടീമിനോ സിഡിഎസ്സിനോ നൽകാം
- ഓരോ സിഡിഎസ്സിലേക്കും ആവശ്യമുള്ള വിത്തുകൾ അതിന്റെ എണ്ണം, തരം എന്നിവ നേരത്തേ തന്നെ ജീവ ടീമിനെ അറിയിക്കുകയും സിഡിഎസ് ആവശ്യമായ തുക ജീവ ടീമിന്റെ അക്കൗണ്ടിലേക്ക് നൽകുകയും വേണം
- കുടുംബശ്രീ യൂണിറ്റുകൾ, വിഎഫ്പിസികെ, കെഎയു, മറ്റ് സർക്കാർ അംഗീകൃത ഏജൻസികൾ എന്നിവിടങ്ങളിൽ നിന്നും വിത്തുകൾ വാങ്ങാനാകും
- പരിശീലനത്തിനായി ഒരംഗത്തിന് പരമാവധി 40 രൂപയാണ് ചെലവാക്കാവുന്നത്

- ഒരു പരിശീലനത്തിന് പരമാവധി 2000 രൂപയാണ് ചെലവാക്കാനാകുന്നത്
- പരിശീലനത്തിൽ പങ്കെടുക്കുന്നവരുടെ വിശദാംശങ്ങൾ സിഡിഎസ്സിൽ നിർദ്ദിഷ്ട ഫോർമാറ്റിൽ രജിസ്ട്രർ ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

<u>**മോണിറ്ററിങ്**</u>

- പദ്ധതിക്കായി സിഡിഎസ്സിൽ പ്രത്യേക രജിസ്ട്രർ സൂക്ഷിക്കണം
- പരിശീലനത്തിന്റെ അറ്റൻഡൻസ്, ഫോട്ടോ എന്നിവയുടെ കോപ്പി ബ്ലോക്ക് കോർഡിനേറ്റർ ഡോക്യുമെന്റേഷൻ ആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതാണ്
- പരിശീലനം കഴിഞ്ഞ് കൃഷി ആരംഭിക്കുന്ന ഗ്രൂപ്പുകൾ കുടുംബശ്രീ ഭക്ഷ്യസുരക്ഷാ ഭവനം എന്ന പേരിൽ ഒരു സ്റ്റിക്കർ കൃഷി ചെയ്യുന്ന ഓരോ അംഗത്തിന്റെയും വീട്ടിൽ പതിക്കേണ്ടതാണ്
- മാസ്റ്റർ കർഷകരാണ് ഈ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യേണ്ടത്
- പദ്ധതിയുടെ ഉദ്ഘാടനത്തിന് മുമ്പായി എല്ലാ അയൽക്കൂട്ടങ്ങളിലും പരിശീലനം പൂർത്തിയാക്കേണ്ടതാണ്
- വെബ്സൈറ്റ് വഴിയുള്ള അപ്ഡേഷൻ ചുമതല ബ്ലോക്ക് കോർഡിനേറ്റർക്കാണ്.

## <u>ആലപ്പുഴയിലെ ഭക്ഷ്യസുരക്ഷാ ഭവനം പദ്ധതി നടപ്പാക്കൽ</u>

സംസ്ഥാന മിഷനിൽ നിന്ന് നിർദ്ദേശം കിട്ടയത് അനുസരിച്ച് കർഷക ദിനം കൂടിയായ ഓഗസ്റ്റ് 17 ചിങ്ങം ഒന്നിന് പദ്ധതിയുടെ സംസ്ഥാന ഉദ്ഘാടനത്തിന് മുമ്പ് തന്നെ ജില്ല യിലും പ്രാരംഭ പ്രവർത്തനങ്ങൾ എല്ലാം പൂർത്തിയാക്കി.

<u>**തുടക്കം**</u>

ഓഗസ്റ്റ് 13ന് പൊതുമാരാമത്ത് വകുപ്പ് മന്ത്രി ജി. സുധാകരൻ പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിൽ വച്ച് ഭക്ഷ്യസുരക്ഷാ ഭവനത്തിന്റെ ജില്ലാതല ഉദ്ഘാടനം <u>**നിർവ്വഹിച്ചു**</u>

സെപ്റ്റംബർ അഞ്ചിന് കായംകുളത്ത് കിസാൻ വിജ്ഞാൻ കേന്ദ്രത്തിൽ വച്ച് ബ്ലോക്ക് കോർഡിനേറ്റർമാർക്ക് ജൈവകൃഷിയിൽ പരിശീലനം നൽകി.

കൃഷി വകുപ്പും ബ്ലോക്ക് കോർഡിനേറ്റർമാരും ചേർന്ന് മാസ്റ്റർ കർഷകർക്ക് വിവിധ സിഡിഎസുകളിലായി പരിശീലനം നൽകുന്നതായിരുന്നു അടുത്ത പടി. സെപ്റ്റംബർ 10 മുതൽ 23 വരെ വിവിധ സിഡിഎസ്സുകളിലായി മാസ്റ്റർ കർഷകർക്കുള്ള പരിശീലനം പൂർത്തിയാക്കി. എംകെഎസ്പി പദ്ധതി പ്രകാരമുള്ള വിവിധ പരിശീലനങ്ങൾ നൽകുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട 248 മാസ്റ്റർ കർഷകരാണ് ആലപ്പുഴയിലുള്ളത്. ഇവരും താത്പര്യമുള്ള ജീവ ടീം അംഗങ്ങളും പരിശീലനങ്ങളിൽ പങ്കെടുത്തു.
പിന്നീട് ബ്ലോക്ക് കോർഡിനേറ്റർമാർ ഓരോ വാർഡിലെയും അയൽക്കൂട്ടങ്ങൾക്ക് എന്നൊക്കെ പരിശീലനം നൽകണമെന്ന വ്യക്തമായ ഷെഡ്യൂൾ തയാറാക്കി.

## നിലവിലെ പ്രവർത്തനം

ബ്ലോക്ക് കോർഡിനേറ്റർമാർ തയാറാക്കിയ ഷെഡ്യൂൾ അനുസിച്ച് ഓരോ വാർഡിലെയും അയൽക്കൂട്ടങ്ങളിലെത്തി മാസ്റ്റർ കർഷകരാണ് പരിശീലനം നൽകി വരുന്നത്. പരിശീലനം പൂർത്തിയാക്കുമ്പോൾ തന്നെ അയൽക്കൂട്ടാംഗങ്ങൾക്ക് വിത്തും കൈമാറും. ബ്ലോക്ക് കോർഡിനേറ്റർമാർ തയാറാക്കിയ ഈ ഷെഡ്യൂളാണ് ആലപ്പുഴ ജില്ലയെ പരിശീലന, വിത്ത് വിതരണ പ്രവർത്തനങ്ങളിൽ മുന്നിലെത്തിച്ചതും. പരിശീലനം ലഭിച്ച മാസ്റ്റർ കർഷകരിൽ 200 ഓളം പേർ ഇപ്പോൾ പരിശീലന പരിപാടി നയിച്ചു കഴിഞ്ഞു. ഒരു ദിവസം രണ്ട് ക്ലാസ്സുകളെ മാസ്റ്റർ കർഷകർ എടുക്കാവൂ എന്ന് നിബന്ധനയുണ്ട്. ഒരു ക്ലാസ്സിന് 250 രൂപയാണ് പ്രതിഫലമായി മാസ്റ്റർ കർഷകർക്ക് നൽകുന്നത്. ജൈവ കൃഷിയെക്കുറിച്ചും ഓരോ വിത്തുകളുടെ കൃഷി രീതിയെക്കുറിച്ചും കീടനാശിനികൾ ജൈവ വളങ്ങളുടെ നിർമ്മാണം എന്നിവയെക്കുറിച്ചുമെല്ലാം പരിശീലനത്തിൽ ക്ലാസ്സുകൾ നൽകും.

79 സിഡിഎസുകളിൽ 19470 അയൽക്കൂട്ടങ്ങളിലായി 272930 വനിതകളാണ് കുടുംബശ്രീ അംഗങ്ങളായുള്ളത്. ഇതുവരെ 2752 പരിശീലന പരിപാടികൾ സംഘടിപ്പിച്ചു കഴിഞ്ഞു. 137650 പേർക്ക് പരിശീലനം നൽകി. 6.88 ലക്ഷം രൂപ മാസ്റ്റർ കർഷ കർക്കും ജീവ ടീം അംഗങ്ങൾക്കുമായി പരിശീലനം നൽകുന്നതിനുള്ള പ്രതിഫലമായി നൽകി കഴിഞ്ഞു. 61.92 ലക്ഷം രൂപ ജില്ലയിൽ ഭക്ഷ്യ സുരക്ഷാ പദ്ധതി ക്യാമ്പെയ്ന്റെ ഭാഗമായി ചിലവഴിച്ചു. പരിശീലനത്തിന്റെ മേൽനോട്ടം ബ്ലോക്ക് കോർഡിനേറ്റർക്കും കൃഷി നടത്തുന്നതിന്റെ മേൽനോട്ടം ജീവ ടീമിനുമാണ്.

## വിത്ത് വാങ്ങലും വിതരണവും

അയൽക്കൂട്ട തലത്തിൽ പരിശീലനം നടത്തുന്നതിനൊപ്പം അഞ്ച് ഇനം വിത്തുകൾ വിതരണം ചെയ്യണമെന്നാണ് സംസ്ഥാന മിഷനിൽ നിന്ന് നിർദ്ദേശിച്ചിരിക്കുന്നത്. ഓരോ ജില്ലയിലെയും കാലാവസ്ഥയും മറ്റ് പ്രാദേശിക ഘടകങ്ങളും അനുസരിച്ച് വിത്തുകൾ തെരഞ്ഞെടുക്കും. ആലപ്പുഴയിൽ പയർ, ചീര, തക്കാളി, വെണ്ട, മുളക് എന്നീ വിത്തുകളാണ് വിതരണം ചെയ്തത്. സർക്കാർ സർട്ടിഫിക്കേഷനുള്ള സ്ഥാപനങ്ങളിൽ നിന്ന് മാത്രമേ വിത്ത് വാങ്ങാവൂയെന്ന് സംസ്ഥാന മിഷനിൽ നിന്ന് നിർദ്ദേശം നൽകിയിരുന്നു. അതനുസരിച്ച് വിഎഫ്പിസികെയിൽ (വെജിറ്റബിൾ ആൻ ഡ് ഫ്രൂട്ട് പ്രൊമോഷൻസ് കൗൺസിൽ) നിന്നും ജില്ലാ കൃഷി ഫാമിൽ നിന്നുമാണ് ആലപ്പുഴയിൽ വിത്ത് വാങ്ങിയത്. ജില്ലാ കൃഷി ഫാമിൽ നിന്ന് 5000 വിത്തുകൾ മാത്രമാണ് വാങ്ങിയത്. ശേഷിച്ച വിത്തുകൾ എല്ലാം വിഎഫ്പിസികെയിൽ നിന്നാണ് വാങ്ങിയത്.

ബ്ലോക്ക് കോർഡിനേറ്റർമാർ നൽകുന്ന ഷെഡ്യൂൾ അനുസരിച്ച് ജില്ലാ മിഷൻ ടം രണ്ടാഴ്ച മുമ്പ് തന്നെ വിഎഫ്സികെയ്ക്ക് വിത്തിനുള്ള ഓഡർ നൽകും. അതനു സരിച്ച് അവർ വിത്ത് നൽകും. പരിശീലനം നടക്കുന്ന വാർഡുകൾ അനുസരിച്ച് നിശ്ചി ത സിഡിഎസിലേക്ക് വിത്ത് എത്തിക്കും. അവിടെ നിന്ന് ബ്ലോക്ക് കോർഡിനേറ്റർമാർ വിത്തുകൾ എടുത്തുകൊണ്ടുപോയി പരിശീലനം നടക്കുന്ന വാർഡുകളിൽ വിതരണം ചെയ്യും.

പരിശീലനത്തിനൊപ്പം ഓർഗാനിക് കൃഷിയെക്കുറിച്ച് തയാറാക്കിയിരിക്കുന്ന ഒരു ലീഫ്ലെറ്റും പങ്കെടുക്കുന്നവർക്ക് വിതരണം ചെയ്യും.

### പരിശീലനത്തിന് ചെലവാകുന്ന തുക
### (50 പേരുൾപ്പെടുന്ന ടീമിന് പരിശീലനം നൽകുമ്പോൾ)

- ഒരു പാക്കറ്റ് വിത്തിന് 20 രൂപയാണ്. ഈ പാക്കറ്റിൽ അഞ്ച് ഇനം വിത്തുകളുണ്ടാകും. 50 പേർക്കുള്ള പാക്കറ്റിന് ആകെ 1000 രൂപ ചെലവാകും

- പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് റിഫ്രഷ്മെന്റ് ആവശ്യത്തിന് 20 രൂപ- ആകെ 1000 രൂപ
- മാസ്റ്റർ കർഷകർക്ക് പ്രതിഫലം- 250 രൂപ
- അങ്ങനെ ആകെ **2250 രൂപ** ഒരു ക്ലാസ്സിന് ചെലവാകും

ഈ തുക മഹിളാ കിസാൻ സശാക്തീകരൺ പരിയോജന ഫണ്ടിൽ നിന്നാണ് ഓരോ ജില്ലയും വകയിരുത്തുന്നത്.